**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 331** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>കരിപ്പൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** മലപ്പുറം ജില്ലയിലെ കരിപ്പൂർ പോലീസ് സ്റ്റേഷൻ എന്നുമുതലാണ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കരിപ്പൂർ പോലീസ് സ്റ്റേഷൻ 10.02.2009-ൽ പ്രവർത്തനം ആരംഭിച്ചത് മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

**(ബി)** പ്രസ്തുത പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** കരിപ്പൂർ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ഭൂമി ലഭിക്കുന്നതിനായി കരിപ്പൂർ എയർപോർട്ട് അതോറിറ്റിയെ സമീപിച്ചതിൽ വിമാനത്താവള പരിസരത്ത് പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി ഭൂമി അനുവദിക്കുന്നതിന് നിലവിൽ ഭൂമി ലഭ്യമല്ലെന്നും, എന്നാൽ കൂടുതൽ കാർ പാർക്കിംഗ് ഏരിയകൾ വികസിപ്പിക്കുന്നതിനായി ടെർമിനൽ കെട്ടിടത്തിന് മുന്നിൽ കൂടുതൽ ഭൂമി ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് (എ.എ.ഐ) കൈമാറുന്ന വിഷയം പരിഗണനയിലാണെന്നും അപ്രകാരം ഭൂമി ഏറ്റെടുത്ത് കൈമാറിക്കഴിഞ്ഞാൽ വിമാനത്താവളത്തിൽ ഒരു പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഭൂമി അനുവദിക്കേണ്ടതിന്റെ ആവശ്യകതയെ അനുകൂലമായി പരിഗണിക്കാവുന്നതാണ് എന്നും നിലവിൽ കാലിക്കട്ട് ഇന്റർനാഷണൽ എയർപോർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**